**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3349** **26-06-2024 - ൽ മറുപടിയ്ക്ക്**

**ദിവസ വേതന അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം വിദ്യാഭ്യാസ ഉപജില്ലയിലെ കോഡൂർ ചോലക്കൽ ബി.എ.എം.എൽ.പി. സ്കൂളിൽ 2022-23, 2023-24 അധ്യയന വർഷങ്ങളിൽ സംരക്ഷിത അധ്യാപക തസ്തികയിൽ മാനേജർ നടത്തിയ ദിവസ വേതന അധ്യാപക നിയമനങ്ങൾ എത്രയെണ്ണം അംഗീകരിച്ച് ഉത്തരവ് നൽകി; ഇനിയും എത്ര നിയമനങ്ങൾക്ക് അംഗീകാരം നൽകാനുണ്ട്; വിശദാംശം നൽകുമോ; | (എ) | ഒരെണ്ണം അംഗീകരിച്ചിട്ടുണ്ട്. ചട്ടപ്രകാരം നടത്തിയ നിയമനങ്ങൾ ഒന്നും അംഗീകാരം നല്കുന്നതിനായി അവശേഷിക്കുന്നില്ല. |
| (ബി) | നിയമനം നടത്തി രണ്ട് അധ്യയന വർഷങ്ങൾ പിന്നിട്ടിട്ടും സർക്കാർ അനുകൂല ഉത്തരവുകൾ നൽകിയിട്ടും ദിവസ വേതന പ്രൊപ്പോസലുകൾ പോലും അംഗീകാരം നൽകാതെ വച്ച് താമസിപ്പിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇക്കാര്യം വകുപ്പ് തലത്തിൽ പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ചോലക്കൽ ബി.എ.എം.എൽ.പി സ്കൂളിലെ 2022-23 വർഷത്തെ പ്രതീക്ഷിത അധിക തസ്തികകളിൽ 01.06.2022 മുതൽ 30.09.2022 വരെയുള്ള കാലയളവിലേക്ക് മാനേജർ ദിവസ വേതനാടിസ്ഥാനത്തിൽ നടത്തിയ മൂന്ന് നിയമനങ്ങൾ മലപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.<br><br>2022-2023 അധ്യയന വർഷത്തെ അധിക തസ്തികകൾ അനുവദിച്ചത് 07.07.2023-ലെ സ.ഉ (കൈ) നം.95/2023/പൊവിവ പ്രകാരമാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചോലക്കൽ ബി.എ.എം.എൽ.പി സ്കൂളിന് രണ്ട് അധിക എൽ.പി.എസ്.ടി തസ്തികയും, ഒരു അധിക അറബിക് അധ്യാപക തസ്തികയും അനുവദിച്ചുകൊണ്ട് മലപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നല്കിയിട്ടുണ്ട്. ടി അധിക എൽ.പി.എസ്.ടി തസ്തികകളിൽ ഒരെണ്ണത്തിൽ മാനേജർ നടത്തിയ സ്ഥിര നിയമനം മലപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നല്കിയിട്ടുണ്ട്. ഒരു എൽ.പി.എസ്.ടി അധിക തസ്തികയും, ഒരു അറബിക് അധ്യാപക തസ്തികയും സംരക്ഷിതാധ്യാപകർക്കായി വിട്ടു നല്കിയതാണ്. കേരളാ വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം 21 ചട്ടം 7(2) പ്രകാരം സംരക്ഷിതാധ്യാപകർക്കായി വിട്ടു നല്കിയ |

| | | | |
|---|---|---|---|
| | | | തസ്തികയിൽ നിയമനം നടത്താൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണ്. ചോലക്കൽ ബി.എ.എം.എൽ.പി സ്കൂളിൽ മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ളത് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ മുൻകൂർ അനുമതി കൂടാതെയാണ്. അപ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതി കൂടാതെ നടത്തിയ നിയമനങ്ങൾ ആയതിനാൽ പ്രസ്തുത നിയമനങ്ങൾ അംഗീകരിക്കുവാൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം സാധിക്കുകയില്ല. |
| (സി) | പ്രസ്തുത നിയമനങ്ങൾ അംഗീകരിക്കുവാൻ ഇനിയും സ്പഷ്ടീകരണം ആവശ്യമുണ്ടോ; എങ്കിൽ ഏത് ഓഫീസിൽ നിന്നാണ് വേണ്ടതെന്നും എന്ത് വിഷയത്തിലാണ് സ്പഷ്ടീകരണം ആവശ്യമുള്ളതെന്നും വ്യക്തമാക്കാമോ; | (സി) | ചോലക്കൽ ബി.എ.എം.എൽ.പി സ്കൂളിലെ 2022-23 വർഷത്തെ പ്രതീക്ഷിത അധിക തസ്തികകളിൽ 01.06.2022 മുതൽ 30.09.2022 വരെയുള്ള കാലയളവിലേക്ക് മാനേജർ ദിവസ വേതനാടിസ്ഥാനത്തിൽ നടത്തിയ മൂന്ന് നിയമനങ്ങൾ മലപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.<br><br>2022-2023 അധ്യയന വർഷത്തെ അധിക തസ്തികകൾ അനുവദിച്ചത് 07.07.2023-ലെ സ.ഉ (കൈ) നം.95/2023/പൊവിവ പ്രകാരമാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചോലക്കൽ ബി.എ.എം.എൽ.പി സ്കൂളിന് രണ്ട് അധിക എൽ.പി.എസ്.ടി തസ്തികയും, ഒരു അധിക അറബിക് അധ്യാപക തസ്തികയും അനുവദിച്ചുകൊണ്ട് മലപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നല്കിയിട്ടുണ്ട്. ടി അധിക എൽ.പി.എസ്.ടി തസ്തികകളിൽ ഒരെണ്ണത്തിൽ മാനേജർ നടത്തിയ സ്ഥിര നിയമനം മലപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നല്കിയിട്ടുണ്ട്. ഒരു എൽ.പി.എസ്.ടി അധിക തസ്തികയും, ഒരു അറബിക് അധ്യാപക തസ്തികയും സംരക്ഷിതാധ്യാപകർക്കായി വിട്ടു നല്കിയതാണ്. കേരളാ വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം 21 ചട്ടം 7(2) പ്രകാരം സംരക്ഷിതാധ്യാപകർക്കായി വിട്ടു നല്കിയ തസ്തികയിൽ നിയമനം നടത്താൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണ്. ചോലക്കൽ ബി.എ.എം.എൽ.പി സ്കൂളിൽ മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ളത് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ മുൻകൂർ അനുമതി കൂടാതെയാണ്. അപ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതി കൂടാതെ നടത്തിയ നിയമനങ്ങൾ ആയതിനാൽ പ്രസ്തുത നിയമനങ്ങൾ അംഗീകരിക്കുവാൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം സാധിക്കുകയില്ല. |

| | | | |
|---|---|---|---|
| (ഡി) | സ്പഷ്ടീകരണം ആവശ്യമെങ്കിൽ ഈ സംബന്ധിച്ച് മലപ്പുറം വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിൽ നിന്നും ബന്ധപ്പെട്ട ഓഫീസിനോട് അഭിപ്രായം തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതി ആവശ്യപ്പെട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കത്ത് നല്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | പ്രസ്തുത സ്കൂളിൽ 2022-23, 2023-24 അധ്യയന വർഷങ്ങളിൽ നടത്തിയ എല്ലാ ദിവസ വേതന നിയമനങ്ങൾക്കും എന്നത്തേക്ക് അംഗീകാരം നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഇ) | ചട്ട പ്രകാരം നടത്തിയ നിയമനങ്ങൾ എല്ലാം അംഗീകരിച്ച് നൽകിയിട്ടുണ്ട്. സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ട തസ്തികകളിൽ മുൻകൂർ അനുമതിയോടുകൂടി മാത്രമേ ദിവസവേതന നിയമനം നടത്താൻ സാധിക്കുകയുള്ളൂ എന്നാൽ, അത്തരം അനുമതി വാങ്ങാതെ മാനേജർ നടത്തിയ നിയമനങ്ങൾ ചട്ടപ്രകാരം അംഗീകരിക്കാൻ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ

/754088/2024

ഭരണഭാഷ - മാതൃഭാഷ

നം: /എ ഇ ഒ എം പി എം / 688/2024-എഫ്

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം
മലപ്പുറം, തീയതി : 17-05-2024
ഇ-മെയിൽ : aeomalappuram@gmail.com

പ്രേഷകൻ

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
മലപ്പുറം

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപഡയറക്ടർ
മലപ്പുറം

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം - എയ്ഡഡ് പ്രൈമറി - ദിവസ വേതന നിയമനങ്ങൾ അംഗീകരിക്കുന്നതിന് അനുമതി തേടുന്നത് - ബി എ എം എൽ പി എസ് ചോലക്കൽ- സംബന്ധിച്ച്

സൂചന :- 1. അങ്ങയുടെ 08/ 05/ 2024 തിയ്യതിയിലെ ബി 3/ 5061/ 2024 നമ്പർ കത്ത്
2.ഈ ഓഫീസിലെ 18/ 04/ 2024 ലെ ഇതേ നമ്പർ കത്ത്

******************

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു . മലപ്പുറം ഉപജില്ലയിലെ ബി എ എം എൽ പി എസ് ചോലക്കൽ സ്കൂളിലെ ദിവസ വേതന നിയമനങ്ങൾക്ക് അനുമതി തേടിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ അങ്ങയെ അറിയിക്കുന്നു .

2022 - 23 വർഷത്തിൽ അധിക ഡിവിഷനുകളും തസ്തികളും അനുവദിച്ച് G.O.(MS) 95/2023/GEDN 07/07/2023 സർക്കാർ ഉത്തരവായതിൻറെ അടിസ്ഥാനത്തിൽ ടി സ്കൂളിന് പ്രസ്തുത വർഷത്തിൽ 2 അധിക LPST ,1 അറബിക് തസ്തികകൾ അനുവദിച്ചു കൊണ്ട് തസ്തിക നിർണയ ഉത്തരവ് ഈ ഓഫീസിൽ നിന്ന് ഉത്തരവ് നമ്പർ ദീ. തീ. F / 47697/ 2022 (1 ) തീയതി 31/07/2023 പ്രകാരം റിവൈസ് ചെയ്ത് നൽകിയിട്ടുണ്ട് . 2022 - 23 വർഷത്തിൽ അധിക ഡിവിഷനുകളും തസ്തികളും അനുവദിക്കുന്നത് വരെ ടി തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നൽകി GO (MS )102/ 2022/ GEDN തി .08/ 06/ 2022 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ആയതിന് JR1/275/2023/GEDN 12/06/2023, DGE/8784/2023-H2 22/7/2023 എന്നിവ പ്രകാരം സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതിൻറെയും അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ 3 അധിക തസ്തികകളിലേക്കും 01/ 06/ 2022 മുതൽ 30/ 09/ 2022 വരെയുള്ള ദിവസ വേതനാടിസ്ഥാനത്തിലെ നിയമനം അംഗീകരിച്ചു നല്കിയിട്ടുള്ളതാണ് .

2022 - 23 വർഷ ത്തെ തസ്തിക നിർണയ ഉത്തരവ് 31/07/2023 ന് മേൽ പരാമർശിച്ച പ്രകാരം

റിവൈസ് ചെയ്ത് നൽകി. ഏകദേശം അതെ സമയത്ത് തന്നെയാണ് 2023 - 24 വർഷത്തെ തസ്തിക നിർണ്ണയം നടന്നിട്ടുള്ളതും . 2023 - 24 വർഷത്തെ തസ്തിക നിർണ്ണയത്തിൽ , accomodation ഇല്ലാത്തതിനാൽ 2022 - 23 വർഷത്തിൽ അധികമായി അനുവദിച്ച 2 LPST , 1 അറബിക്ക് തസ്തികകൾ 2023 - 24 വർഷത്തിൽ നഷ്ടപ്പെട്ടു . അതിനെ തുടർന്ന് 2022 - 23 വർഷത്തെ തസ്തിക നിർണയ ഉത്തരവ് റിവൈസ് ചെയ്ത് നൽകിയതിൻറെ അടിസ്ഥാനത്തിൽ മാനേജർ സർക്കാരിലേക്ക് തസ്തികകൾ വിട്ട് നൽകി കൊണ്ട് 16/ 09/ 2023 ന് ഈ ഓഫീസിലേക്ക് നൽകിയ ഡിക്ലറേഷൻ 2022 - 23 വർഷത്തിൽ അനുവദിച്ച അധിക തസ്തികകൾ 2023 - 24 വർഷത്തിൽ നഷ്ടപ്പെട്ടതിനാൽ 27/ 09/ 2023 ന് മാനേജർക്ക് മടക്കി നൽകിയിട്ടുണ്ട് .

ഉത്തരവ് നമ്പർ B3/61508/2023 തീയതി 20/01/2024 പ്രകാരം തസ്തിക നിർണയ അപ്പീൽ അനുവദിച്ച് അങ്ങ് ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ചോലക്കൽ ബി എ എം എൽ പി എസ് ൽ 2022 - 23 വർഷത്തിൽ അനുവദിച്ചത് പ്രകാരം 3 ,4 ക്ലാസ്സുകളിലായി ഓരോ ഡിവിഷനുകളും ( ആകെ 8 ) അനുബന്ധമായി 2 എൽ പി എസ് ടി തസ്തികകൾ ( ആകെ 7 ) ,1 അറബിക്ക് തസ്തിക (ആകെ 2 ) എന്നിവയും 2023 - 24 വർഷത്തിലും അനുവദിച്ച തസ്തിക നിർണയം പുനഃക്രമീകരിച്ച് ഉത്തരവ് നമ്പർ F/138864/2023 തീയതി 14/03/2024 പ്രകാരം
ഈ ഓഫീസിൽ നിന്ന് ഉത്തരവ് നൽകി . ആയതിനെ തുടർന്ന് മാനേജർ 2022 -23 വർഷത്തിൽ അനുവദിച്ച തസ്തികകൾ (1 LPST ,1 അറബിക്ക് ) വിട്ട് നൽകി കൊണ്ടുള്ള ഡിക്ലറേഷൻ പുനഃ സമർപ്പിച്ചത് പ്രകാരമാണ് ടി തസ്തികകളിലേക്ക് 06/ 10/ 2022 മുതൽ 31/ 03/ 2023 വരെ നടത്തിയ ദിവസ വേതന നിയമനങ്ങൾക്കും 01/ 06/ 2023 മുതൽ 31/ 03/ 2024 വരെ നടത്തിയ ദിവസ വേതന നിയമനങ്ങൾക്കും അങ്ങയുടെ അനുമതി ലഭിക്കുന്നതിനായി സൂചന 2 പ്രകാരം അങ്ങയുടെ കാര്യാലയത്തിലേക്ക് കത്ത് അയച്ചത് . ടി സ്കൂളിൻറെ മാനേജർ , നിയമനാംഗീകാരം ഈ ഓഫീസിൽ നിന്ന് ലഭിക്കുന്നതിന് കാലതാമസം ഉണ്ടെന്ന് ബഹു. ഉബൈദുല്ല എം എൽ എ മുഖേന അങ്ങയുടെ കാര്യാലയത്തിലേക്ക് പരാതി നൽകിയിട്ടുള്ള സാഹചര്യത്തിൽ വേഗത്തിൽ അനുമതി ലഭിക്കുന്നതിനാണ് കത്ത് മുഖേന അനുമതി തേടിയത്. സൂചന 1 കത്തിൽ പരാമർശിച്ച ഗൂഗിൾ പ്രൊഫോർമ ഇപ്പോൾ ആക്റ്റീവ് അല്ല . സർക്കാരിലേക്ക് വിട്ടു നൽകിയ തസ്തികകളിലേക്കുള്ള ദിവസവേതന നിയമനങ്ങൾ ആയതിനാൽ ടി തസ്തികകളിലേക്ക് (1 LPST ,1 അറബിക്ക് ) 06/ 10/ 2022 മുതൽ 31/ 03/ 2023 വരെ 2022 -23 വർഷത്തിൽ നടത്തിയ ദിവസ വേതന നിയമനങ്ങൾ അംഗീകരിക്കുന്നതിനും 01/ 06/ 2023 മുതൽ 31/ 03/ 2024 വരെ 2023 - 24 വർഷത്തിൽ നടത്തിയ ദിവസ വേതന നിയമനങ്ങൾ അംഗീകരിക്കുന്നതിനും അങ്ങയുടെ അനുമതി നൽകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
മലപ്പുറം

Signed by
Santhosh Kumar C
Date: 17-05-2024 11:54:03